## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2906

12-10-2011 ൽ മറുപടിയ്ക്ക്

# നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാനത്ത് നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി മുൻവർഷങ്ങളിലെന്നപോലെ സുസ്ഥിര നെൽകൃഷി വികസന പദ്ധതി, സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി, മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി, രജിസ്റ്റേർഡ് വിത്ത് ഉൽപ്പാദന പദ്ധതി, നെൽകൃഷി യ്ക്ക് ഉത്പ്പാദന ബോണസ്സ്, എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.<br>സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 1,70,000/- ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 2900 ലക്ഷം രൂപ 2011-12 വർഷം വകയിരുത്തിയിട്ടുണ്ട്.<br>സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം 8000 ഹെക്ടറിൽ കരനെൽകൃഷി (400 ലക്ഷം). വനിതാഗ്രൂപ്പുകൾ വഴി 750 ഹെക്ടറിൽ തരിശുനില കൃഷി. പൊതു ഞാറ്റടി (100 ലക്ഷം) എന്നിവയും സംസ്ഥാനത്തെ 12 ബ്ലോക്കുകളിൽ വടക്കാഞ്ചേരി മോഡൽ പദ്ധതിയും (500 ലക്ഷം) സുഗന്ധ നെൽകൃഷി പ്രോത്സാഹന പദ്ധതിയും (135 ലക്ഷം), കാർഷിക യന്ത്ര വൽക്കരണം പ്രോത്സാഹിപ്പി ക്കുന്നതിനുള്ള പദ്ധതിയും (150 ലക്ഷം) നടപ്പിലാക്കുന്നു. 2011-12 |

വർഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 1285 ലക്ഷം രൂപ നെൽകൃഷി വികസനത്തിനായി നീക്കി വച്ചിട്ടുണ്ട്.

മാക്രോ മാനേജ്മെന്റ് പദ്ധതിപ്രകാരം വിവിധ ഉൽപാദന ഉപാധികളായ വിത്ത്, മൈക്രോ ന്യൂട്രിയന്റ് വളം, സസ്യ സംരക്ഷിത മരുന്നുകൾ, കുമ്മായം എന്നിവ വിതരണം നടത്തുന്നതിനും നൂതന സാങ്കേതിക വിദ്യകളുടെ ഡമോൺസ്ട്രേഷനുകൾക്കും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 2011-12 വർഷം 549.71 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 304.37 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. ഇവയ്ക്കുപുറമേ ഗുണമേന്മയുള്ള വിത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്ന തിനായി രജിസ്റ്റേർഡ് വിത്തുൽ പാദന പദ്ധതി 4000 ഹെക്ടറിൽ കെ.എസ്.എസ്.ഡി.എ മുഖേന നടപ്പിലാക്കുന്നു.
നെൽകൃഷിക്കാർക്ക് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ്സും നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇപ്പോൾ നെല്ലിന്റെ ഉൽപ്പാദന ബോണസ്സായി എത്ര രൂപയാണ് നൽകുന്നത്; | (ബി) | ഹെക്ടറിന് 350/- രൂപ നിരക്കിലാണ് ഇപ്പോൾ ഉല്പാദന ബോണസ്സ് നൽകി വരുന്നത്. |
| (സി) | പ്രസ്തുത തുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ; | (സി) യും (ഡി) യും | പരിശോധിച്ചു വരുന്നു. |
| (ഡി) | എങ്കിൽ എന്ത് തുകയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ